വേണ്ടിയും വ്യവസായ വികസനത്തിന് സ്ഥലം വിട്ടുകിട്ടുന്നതിനു വേണ്ടിയും ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കുന്നതിന് വേണ്ടിയും ആവശ്യമായ നിവേദനങ്ങളും നൽകിയിട്ടുണ്ട്.

(ബി) അനുബന്ധം – 1 ആയി നൽകിയിരിക്കുന്നു.†

(സി) കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ 26 വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ വിശദ വിവരം അനുബന്ധ-2-ൽ നൽകിയിരിക്കുന്നു. ടെക്നോപാർക്കിൽ ഈ കാലയളവിൽ ടോറോയിഡ്, ഇന്റർ നാഷണൽ ബിസിനസ്സ് സർവീസസ് ഗ്രൂപ്പ് ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് എന്നീ വൻകിട വ്യവസായങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

7 (509) വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; ഏതെല്ലാം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നു;

(ബി) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.†

(ബി) അനുബന്ധം -2-ൽ നൽകിയിട്ടുണ്ട്.†

8 (510) ചെറുകിട വ്യവസായങ്ങൾക്കുള്ള സഹായം

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> :

<u>ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി</u> :

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> :

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> :

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായികൾക്കും വിവിധ വകുപ്പുകളിൽ നിന്നും കിട്ടുന്ന സഹായങ്ങളെല്ലാം വ്യവസായ വകുപ്പ് ഡയറക്ടർ മുഖേന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം I

† അനുബന്ധം- II, IIA

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെയിൽടാക്സ് എക്സംപ്ഷനും ഇലക്ട്രിസിറ്റി താരീഫ് കൺസഷനും വ്യവസായ വകുപ്പ് മുഖാന്തിരം തന്നെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) കെ.എസ്.ഐ.ഡി.സി. ധനസഹായം നൽകുന്ന സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റ് വ്യവസായ സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പ് മുഖാന്തിരം തന്നെയാണ് പ്രധാനമായും ഇപ്പോൾ സെയിൽടാക്സ് എക്സംപ്ഷൻ നൽകി വരുന്നത്. ഇതിൽ മാറ്റം വരുത്തുന്നത് പ്രായോഗബുദ്ധിമുട്ടുകൾക്ക് ഇടയാക്കുമെന്നതിനാൽ തൽക്കാലം ഉദ്ദേശിക്കുന്നില്ല. ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി.നം. 7622/98-ൽ 1998 നവംബർ 13-ാംതീയതിയിലെ വിധി അനുസരിച്ച് 1998 നവംബർ മുതൽ ഇലക്ട്രിസിറ്റി താരീഫ് കൺസഷൻ ഇലക്ട്രിസിറ്റി ബോർഡാണ് നൽകുന്നത്.

9 (511) വ്യവസായ രംഗത്തുള്ള മുതൽമുടക്ക്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് പ്രഖ്യാപിച്ച വ്യവസായനയം അനുസരിച്ച് ഈ ഗവൺമെന്റിന്റെ ബാക്കിയുള്ള കാലയളവിൽ വ്യവസായ രംഗത്ത് എന്തു തുകയുടെ മുതൽമുടക്ക് നടത്തേണ്ടതുണ്ട്;

(ബി) വ്യവസായനയം പ്രഖ്യാപിച്ച ശേഷം ഇതുവരെ എന്തു തുകയുടെ മുതൽമുടക്ക് സംസ്ഥാനത്തുണ്ടായി;

(സി) വ്യവസായനയ പ്രഖ്യാപനത്തിനുശേഷം ആരെല്ലാം എവിടെയൊക്കെ പുതിയ വ്യവസായങ്ങൾ ആരംഭിച്ചു;

(ഡി) ഈ വർഷം എത്ര മുതൽമുടക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു;

(ഇ) ഏതെല്ലാം രംഗങ്ങളിലാണ് ഈ മുതൽമുടക്ക് പ്രതീക്ഷിക്കുന്നത്;

(എഫ്) ആരെല്ലാമാണ് മുതൽമുടക്കിന് തയ്യാറായി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3250 കോടി രൂപ.

(ബി) കിൻഫ്രയുടെ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ ഏകദേശം 75 കോടി രൂപയുടെയും ടെക്നോപാർക്കിൽ 6.6 കോടി രൂപയുടെയും നിക്ഷേപം ഉണ്ടായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ സഹായസഹകരണത്തോടെ 829 കോടി രൂപയുടെ മുതൽമുടക്കുള്ള 39 വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly